**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1730** | **14.08.2017-ൽ മറുപടിക്ക്**

**സഭാ തർക്കവുമായി ബന്ധപ്പെട്ടുള്ള പോലീസ് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിലെ നെച്ചൂർ പള്ളിയിൽ പോലീസ് ലാത്തിച്ചാർജ്ജ് നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സാഹചര്യം വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . 30/07/2017 തീയതി ഞായറാഴ്ച രാവിലെ 07.30 മണിയ്ക്ക് മണീട് വില്ലേജിൽ നെച്ചൂർ കരയിൽ നെച്ചൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയുടെ വടക്കുവശത്തെ ഷട്ടർ, ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം. 2036/2010 തീയതി 05/07/2017 ഉത്തരവ് പ്രകാരം മൂവാറ്റുപുഴ ബഹു.എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് തുറന്നു കൊടുത്ത സമയം നിർദ്ദേശങ്ങൾ ലംഘിച്ച് യാക്കൊബായ വിഭാഗത്തിൽപ്പെട്ട 150-ഓളം പേർ പള്ളിയിൽ തള്ളിക്കയറുവാൻ വരുന്നതുകണ്ട്, തിരികെ പോകണം എന്ന പോലീസ് നിർദ്ദേശം അവഗണിച്ച് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരെ ബലം പ്രയോഗിച്ച് തള്ളിമാറ്റിയും ന്യായവിരോധമായി സംഘം ചേർന്ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം നിൽക്കുകയും ഓർത്തഡോക്സ് വിഭാഗത്തിന്റെ വികാരിക്ക് വിശുദ്ധ കർബ്ബാനയും ശുശ്രൂഷയും നടത്തുവാൻ സാധിക്കാതെ തടസ്സം നേരിടുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | ലാത്തിച്ചാർജ്ജിൽ എത്ര സ്ത്രീകൾക്കും കുട്ടികൾക്കും മർദ്ദനമേറ്റിട്ടുണ്ട്; | (ബി) | സ്ത്രീകൾക്കും കുട്ടികൾക്കും മർദ്ദനമേറ്റിട്ടില്ല. |
| (സി) | ആയതിന്റെ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | ബാധകമല്ല. |
| (ഡി) | സഭാ തർക്കവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | സഭാ തർക്കവുമായി ബന്ധപ്പെട്ട് 167 കേസ്സുകൾ എറണാകുളം റൂറൽ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഇ) | ഈ കേസുകൾ പിൻവലിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | ഇത്തരത്തിലുള്ള 25 കേസ്സുകൾ മുമ്പ് പിൻവലിച്ചിട്ടുണ്ട്. |

Deepa R

**സെക്ഷൻ ഓഫീസർ**